➩ *'മെയ്ക്ക് ഇൻ ചെന്നൈ' ബൂമിന് അകമ്പടി സേവിക്കുകയാണ് ഇപ്പോൾ ഈ നഗരം* ➩

**ചെന്നൈ** പ്രളയത്തെക്കുറിച്ചുള്ള തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുടെ പ്രതികരണം ഞെട്ടലുളവാക്കുന്നതാണ്. ടെലിവിഷൻ അഭിമുഖത്തിൽ അവർ പറഞ്ഞു, "മഴ ശക്തമാകുമ്പോൾ നാശനഷ്ടങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ നടപടികളും വേഗത്തിലാക്കുക എന്നതു മാത്രമാണ് ഒരു നല്ല സർക്കാറിന് ചെയ്യാൻ കഴിയുന്നത്." മനുഷ്യനിർമ്മിതമായ ഒരു ദുരന്തത്തെ സാമാന്യവത്കരിക്കുന്നതിനും ഭരണനിർവഹണം നഗരവികസനത്തിൽ സൃഷ്ടിച്ച രോഗലക്ഷണങ്ങളെ മറച്ചുവയ്ക്കുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമമാണ് ഈ വാക്കുകൾ. മഴക്കാല ദുരന്തങ്ങളുണ്ടാകുമ്പോഴെല്ലാം അപ്രതീക്ഷിത മഴയെ പഴിചാരിക്കൊണ്ട് വികസനത്തെ ചർച്ചകളിൽ നിന്നും മാറ്റി നിർത്തുന്ന പതിവ് രാഷ്ട്രീയ പ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കുമിടയിലുണ്ട്. എന്നാൽ ചെന്നൈയെ സംബന്ധിച്ച് ഇത്തരം അപ്രതീ

# അടങ്ങാത്ത മോഹങ്ങളുടെ അനിവാര്യ ദുരന്തമാണ് ചെന്നൈ

ബംഗാൾ ഉൾക്കടലിനഭിമുഖം നിൽക്കുന്ന അതിസമ്മർദ്ദ തീരദേശ മേഖലയായ ചെന്നൈക്ക് തീവ്രമായ മഴയും ചക്രവാതങ്ങളുമൊന്നും പുതുമയല്ല. പത്ത് വർഷങ്ങൾക്കിടയിൽ ഒരിക്കലെങ്കിലും ശക്തമായ ഒരു മഴയനുഭവം ചെന്നൈയ്ക്കുണ്ടായിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എന്നിട്ടും എന്തുകൊണ്ടാണ് അത്യാഹിതം ഇത്ര വലുതാകുന്നത്?

**നിത്യാനന്ദ് ജയരാമൻ**

ക്ഷിത മഴകൾ ഇടയ്ക്കിടെ ആവർത്തിക്കാറുണ്ട്. ബംഗാൾ ഉൾക്കടലിനഭിമുഖം നിൽക്കുന്ന അതിസമ്മർദ്ദ തീരദേശ മേഖലയായ ചെന്നൈക്ക് ശക്തമായ മഴയും ചക്രവാതങ്ങളുമൊന്നും പുതുമയല്ല. പത്ത് വർഷങ്ങൾക്കിടയിൽ ഒരിക്കലെങ്കിലും ശക്തമായ ഒരു മഴയനുഭവം ചെന്നൈയ്ക്കുണ്ടായിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത് (1969, 1976, 1985, 1996, 1998, 2005, 2015). ഈ പ്രളയകാലത്ത് ഒരാഴ്ച പെയ്ത മഴയുടെ കണക്കായ 235 മില്ലിമീറ്ററും ചെന്നൈയെ സംബന്ധിച്ച് അത്ര വലിയ കണക്കല്ല. 2005 ഒക്ടോബർ 27ന് 270 മില്ലിമീറ്ററും 1969 ൽ 280 മില്ലിമീറ്ററും 1976ൽ 450 മീല്ലിമീറ്ററും മഴ രേഖപ്പെടുത്തിയതായി നുഗംപക്കത്തെ റെയിൻ ഗേജ് രേഖകൾ പറയുന്നുണ്ട്. 1976ലെ മഴയിൽ അടയാർ നദി കരകവിഞ്ഞൊഴുകുകയും പുഴയോരത്തെ ഒറ്റ നിലവീടുകൾ വെള്ളത്തിനടിയിൽപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ചില വ്യത്യാസങ്ങളുണ്ട്. 'വെറുതെ കാടുപിടിച്ചു കിടക്കുന്നു' എന്ന് ആക്ഷേപിക്കപ്പെടുകയും മെട്രോ നഗരമാകാൻ കൊതിക്കുകയും ചെയ്തിരുന്ന ഒരു ഗ്രാമം മാത്രമായിരുന്നു അന്ന് ചെന്നൈ. ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. വിലപിടിച്ച സംരംഭങ്ങൾക്ക് ആതിഥ്യമരുളിക്കൊണ്ട് ഒരു 'മെയ്ക്ക് ഇൻ ചെന്നൈ' ബൂമിന് അകമ്പടി സേവിക്കുകയാണ് ഇപ്പോൾ ഈ നഗരം. അടയാർ നദിയുടെ വെള്ളപ്പൊക്കപരിധിയിൽ പുതിയ വിമാനത്താവളം നിർമ്മിക്കപ്പെട്ടി

രിക്കുന്നു. വെള്ളം കയറാൻ സാധ്യതയുള്ള കോയമ്പേടിൽ വിശാലമായ ബസ് ടെർമിനൽ വന്നിരിക്കുന്നു. പള്ളിക്കരണിയിലെ ചതുപ്പു നിലങ്ങൾക്കും ബക്കിംഗ്ഹാം കനാലിനും മുകളിലൂടെ മെട്രോ റെയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വെള്ളത്തിന്റെ ഒഴുക്കിനെ വകവയ്ക്കാതെ ഐ.ടി കോറിഡോറിനും നോളജ് കോറിഡോറിനും ഇടയിൽ അതിവേഗപാതകളും ബൈപാസുകളും വന്നുകൊണ്ടേയിരിക്കുന്നു. നീർത്തടങ്ങൾ നികത്തി പ്രത്യേക സാമ്പത്തിക മേഖലകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഡ്രെയിനേജ് കനാലുകളെയും പുഴത്തടങ്ങളെയും വകവയ്ക്കാതെ റസിഡൻഷ്യൽ ഫ്ളാറ്റുകൾ ഉയർന്നുകൊണ്ടേയിരിക്കുന്നു. 'ചെന്നൈയിൽ നിർമ്മിക്കുക' എന്ന വെല്ലുവിളി ഏറ്റെടുക്കുംതോറും ചെന്നൈ സ്വയം നശീകരിക്കപ്പെടുകയും മൺസൂണിനെ നേരിടുന്നതിനുള്ള നൈസർഗികമായ ശേഷി നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശേഷി വ്യാപാര സംരംഭങ്ങൾക്ക് വഴിമാറി.

2015ലെ പ്രളയ ദുരന്തം ഉറപ്പായും ചെന്നൈയ്ക്ക് ഒഴിവാക്കാൻ കഴിയുന്നതായിരുന്നു. നഗരാസൂത്രകരും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ചേർന്ന സംഘത്തിന്റെ സ്ഥാപിതതാത്പര്യങ്ങൾ മാത്രമാണ് ഈ ദുരന്തത്തിന്റെ കാരണം. പള്ളിക്കരണി ചതുപ്പിന്റെ കാര്യം തന്നെയെടുക്കാം. 250 ചതുരശ്ര കിലോമീറ്റർ ചുറ്റളവുള്ള, ഓവുചാലുകളിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളത്തിന്റെ ക്യാച്ച്മെന്റായിരുന്നു ഈ പ്രദേശം. പിന്നീടത് 50 ചതുരശ്ര കീലോമീറ്ററിലേക്ക് ചുരുങ്ങി. ഇപ്പോൾ ആ പ്രദേശം പത്തിലൊന്നിലേക്ക്, അതായത് 4.3 ചതുരശ്ര കിലോമീറ്ററിലേക്ക് ചുരുങ്ങി. ചതുപ്പിന്റെ വടക്കുഭാഗം തുടർച്ചയായ മാലിന്യനിക്ഷേപത്താൽ ഒരു കാൻസർ മുഴപോലെ പൊങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ചതുപ്പിന് കുറുകെ പോകുന്ന രണ്ട് പ്രധാന റോഡുകളിലെയും കലുങ്കുകൾക്ക് വെള്ളത്തിന്റെ വഴി സുഗമമാക്കാൻ കഴിയുന്ന തരത്തിലുള്ള വലുപ്പമില്ല. ചതുപ്പിന്റെ ഓരങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻ.ഐ.ഒ.ടി) പോലെയുള്ള സ്ഥാപനങ്ങൾ കൈയേറിയിട്ടുമുണ്ട്. നീർത്തടങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് പാരിസ്ഥിതിക ആഘാത പഠനം നടത്താൻ അധികാരപ്പെടുത്തിയിരിക്കുന്ന സ്ഥാപനമാണ് എൻ.ഐ.ഒ.ടി എന്നതാണ് വിരോധാഭാസം. പള്ളിക്കരണി ചതുപ്പിന്റെ മറ്റൊരു പ്രധാനഭാഗം ഐ.ടി കോറിഡോറിന് വേണ്ടി നികത്തപ്പെട്ടു. വെള്ളം പൊങ്ങിയപ്പോൾ വിശിഷ്ട പദവിയൊന്നും ഐ.ടി നഗരത്തിനും കിട്ടിയില്ല. എല്ലാം വെള്ളത്തിൽ മുങ്ങി. അമേരിക്കൻ ബാങ്കുകളുടെ പ്രവർത്തനം നിലച്ചുപോകുന്നതരത്തിൽ വെള്ളപ്പൊക്കം സോഫ്ട്‌വെയർ പാർക്കിനെ പിടിച്ചുലച്ചു.

ചെന്നൈ നഗരത്തിന്റെ സ്വഭാവത്തെ നിർണ്ണയിച്ചിരുന്ന നീർച്ചാലുകളുടെ ശൃംഖല ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. റെട്ടേരി തടാകത്തിന്റെ താഴ്ത്തടത്തിൽ വ്യാസർപ്പടി ഭാഗത്തുണ്ടായിരുന്ന 16 തടാകങ്ങളിൽ ഒന്നുപോലും ഇന്ന് അവശേഷിക്കുന്നില്ല എന്ന് അണ്ണാ യൂണിവേഴ്സിറ്റിയിലെ ഡോ. എം. കർമേഗം നടത്തിയ പഠനം പറയുന്നു. ഇത്തവണം വെള്ളം കയറിയ സ്ഥലങ്ങളെല്ലാം ഫലത്തിൽ ഏതെങ്കിലും അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധിതമായിരുന്നു എന്നതാണ് സത്യം. എൻ.എച്ച് 45 നെയും എൻ.എച്ച് 4നെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബൈപ്പാസ് ഡ്രെയ്നേജുകൾ അടച്ചതിനെ തുടർന്നാണ് അണ്ണ നഗർ, പോരൂർ, വനഗാരം, മധുരവോയൽ, മുഗപ്പയർ, അംബാട്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളം കയറിയത്. മധുരവോയൽ തടാകം 120 ഏക്കറിൽ നിന്നും 25 ഏക്കറിലേക്ക് ചുരുങ്ങി എന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. സമാനമായ സ്ഥിയിലാണ് അംബാട്ടൂർ, കൊടുങ്കയ്യൂർ, അടമ്പാക്കം തടാകങ്ങളുള്ളത്. കോയമ്പേട്, കോരാട്ടൂർ, അംബാട്ടൂർ കനാലുകൾ കാണാനേയില്ല.

അടമ്പാക്കം കനാലിനെ പള്ളിക്കരണൈ ചതുപ്പുമായി ബന്ധിപ്പിക്കുന്ന വീരങ്കൽ കനാൽ ഇടയ്ക്കിടെ മുറിഞ്ഞുപോയിരിക്കുന്നു. അടയാർ നദീമുഖത്ത് നിന്നും കോവാളം നദീമുഖത്തേക്ക് പോകുന്ന സൗത്ത് ബക്കിംഗ്ഹാം കനാലിന്റെ വീതി ആദ്യത്തെ 25 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുങ്ങി. മെട്രോ റെയിൽ സ്റ്റേഷനുകളുടെ നിർമ്മാണമാണ് അതിന് പ്രധാന കാരണം. വെള്ളപ്പൊക്കത്തെ പിടിച്ചുനിർത്തിയിരുന്ന വലിയ തടാകങ്ങളായ വിരുഗമ്പാക്കം, പാടി, വില്ലിവാക്കം തുടങ്ങിയവ ഔദ്യോഗികമായിത്തന്നെ ഉപേക്ഷിക്കപ്പെട്ടുകഴിഞ്ഞു. പ്രമുഖ ദ്രാവിഡ പാർട്ടികൾക്കിടയിലെ തർക്കം കാരണം താത്കാലികമായി നിർത്തിവച്ച, ചെന്നൈ ഹാർബറിനെയും മധുരവോയലിനെയും ബന്ധിപ്പിക്കുന്ന എക്സ്പ്രസ് ചരക്കുപാതയുടെ നിർമ്മാണം കൂവം പുഴയുടെ തെക്കുഭാഗം വ്യാപകമായി കയ്യേറുകയും തന്മൂലം പുഴയുടെ വഹനശേഷി കുറയുകയും ചെയ്തിട്ടുണ്ട്. ചെന്നൈയി

## ചെന്നൈ ദുരന്തത്തിന് കാരണമായ നിർമ്മാണപ്രവർത്തനങ്ങൾ

| നം. | നിർമ്മാണപ്രവർത്തനം | പരിസ്ഥിതിനാശം |
|---|---|---|
| 1. | ചെന്നൈ എയർപോർട്ട് | അടയാർ നദിയുടെ പ്രളയപ്രതലം നികത്തി. |
| 2. | ബസ് ടെർമിനൽ | പ്രളയ ബാധിത പ്രദേശമായ കോയമ്പേട്. |
| 3. | മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം | പള്ളിക്കരണൈ ചതുപ്പും ബക്കിങ്ഹാം കനാലും നികത്തി. |
| 4. | എക്സ്പ്രസ് ഹൈവേ, ബൈപാസ് റോഡുകൾ | ജലമൊഴുക്കോ പ്രളയസാധ്യതയോ കണക്കിലെടുക്കാതെ. |
| 5. | ഐടി കോറിഡോർ, നോളഡ്ജ് കോറിഡോർ | ജലാശയങ്ങൾ നികത്തി. |
| 6. | ഓട്ടോമൊബൈൽ വ്യവസായങ്ങൾ, ടെലികോം വ്യവസായങ്ങൾ, സ്പെഷ്യൽ ഇക്കണോമിക് സോൺ | വൃഷ്ടിപ്രദേശങ്ങളിലും അഴുക്കുചാലുകൾ നികത്തിയും. |
| 7. | വേളച്ചേരിയിലെ ഐടി കോറിഡോർ, ഓൾഡ് മഹാബലിപുരം റോഡ് | മഴവെള്ളത്തിന്റെ ഒഴുക്കുനോക്കാതെ റിയൽ എസ്റ്റേറ്റിനായി നികത്തി. |

**മറ്റ് ദുരന്ത കാരണങ്ങൾ:**

**(1)** കോശസ്തലയാർ, കൂവം, അഡയാർ നദികളും ബക്കിങ് ഹാം കനാലും ബന്ധിപ്പിക്കുന്ന 1448 കോടി രൂപയുടെ 2007–2008 കാലഘട്ടത്തിൽ നിർദ്ദേശിക്കപ്പെട്ട ജനോറം പദ്ധതി നടപ്പാക്കിയില്ല. **(2)** 1.5 ലക്ഷം അനധികൃത നിർമാണപ്രവർത്തനങ്ങൾ 300 ജലാശയങ്ങൾ അപ്രത്യക്ഷമാക്കിയതായി സർക്കാർ റിപ്പോർട്ട്. **(3)** പള്ളിക്കരണൈ ചതുപ്പ് 250 ചതുരശ്ര കി.മീയിൽ നിന്നും 4.3 ചതുരശ്ര കി.മീ. ആയി ചുരുങ്ങി. **(4)** ബക്കിങ്ഹാം കനാലിന്റെ അടയാർ തോട് മുതൽ കോവാളം വരെ 25 മീറ്റർ വീതിയുണ്ടായിരുന്നത് 10 മീറ്ററായി ചുരുങ്ങി. **(5)** അടമ്പാക്കം മുതൽ പള്ളിക്കരണൈ വരെയുള്ള വീരങ്കൽ ഓട കാണാനില്ല. **(6)** പ്രളയ ജലം ഉൾക്കൊണ്ടിരുന്ന വിരുഗംബാക്കം, പാടി, വില്ലിവാക്കം ജലസംഭരണികൾ സർക്കാർ തന്നെ നികത്തി.

ലെ ജലമാർഗ്ഗഗതാഗതത്തെക്കുറിച്ച് ചെന്നൈ മെട്രോപോളിറ്റൻ ഡവലപ്മെന്റ് അതോറിറ്റി 2010ൽ നടത്തിയ ഒരു സംവാദത്തിൽ സർക്കാറിന്റെ ഉദ്യോഗസ്ഥ പ്രമുഖർ തന്നെ ജലഗതാഗത്തിനായി മുന്നോട്ടുവച്ച കനാലുകളാണ് ഇപ്പോൾ കാണാനില്ലാത്തത്. ചിന്തയും പ്രവൃത്തിയും തീർത്തും വിരുദ്ധമായ വഴികളിലൂടെയാണ് ചെന്നൈയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

നീരൊഴുക്കിനെക്കുറിച്ചുള്ള പഠനങ്ങൾ പരിഗണിച്ചുകൊണ്ടല്ല ചെന്നൈ മെട്രോപോളിറ്റൻ ഡവലപ്മെന്റ് അതോറിറ്റി അവരുടെ രണ്ടാമത്തെ മാസ്റ്റർപ്ലാനും തയ്യാറാക്കിയിരിക്കുന്നത്. എണ്ണോർ എന്ന സ്ഥലത്ത് നീർത്തടങ്ങളും വേലിയേറ്റ പരപ്പുകളും കണ്ടൽക്കാടുകളും നശിപ്പിച്ചുകൊണ്ട് അപകടകരമായ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുകയാണ് അതോറിറ്റി. ഇതിനായി ഈ പ്രദേശം കാമരാജർ പോർട്ട് ലിമിറ്റഡിന് കൈമാറിക്കഴിഞ്ഞു.

ചെന്നൈ മെട്രോപോളിറ്റൻ ഏരിയയ്ക്ക് പുറത്തുള്ള പൊന്നേരി എന്ന ഉൾനാടൻ പ്രദേശം സംരംഭകർ ഉറ്റുനോക്കുന്ന ഒരിടമാണ്. ഇവിടെ പല നിർമ്മാണ പ്രവർത്തനങ്ങൾക്കും ഡ്രെയിനേജിനെ പരിഗണിക്കാതെ ചെന്നൈ മെട്രോപോളിറ്റൻ ഡവലപ്മെന്റ് അതോറിറ്റി അനുമതി നൽകിയിട്ടുമുണ്ട്. ഈ കഴിഞ്ഞ പ്രളയകാലത്ത് 370 മില്ലീമീറ്റർ മഴയാണ് പൊന്നേരിയിൽ പെയ്തത്, ചെന്നൈ നഗരത്തിൽ പെയ്തതിനേക്കാൾ 135 മില്ലിമീറ്റർ കൂടുതൽ. വെള്ളം ഇവിടെയും ഉയർന്നിരുന്നെങ്കിലും ആളും ആസ്തിയും ഇവിടെ അധികം നഷ്ടപ്പെട്ടിരുന്നില്ല. പൊന്നേരിയും ഒരു സ്മാർട്ട് സിറ്റിയായി മാറാൻ പോവുകയാണ്. എന്താകും സ്ഥിതി? ശരിക്കും സ്മാർട്ട് ആയ ഒരു സിറ്റി വികസിപ്പിക്കാൻ ശേഷിയുള്ള എഞ്ചിനീയർമാർ നമുക്കുണ്ടോ?

*(കടപ്പാട്: സ്ക്രോൾ.ഇൻ)* ■